## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 2996

28.01.2014-ൽ മറുപടിയ്ക്ക്

# ഭൂപതിവ് നിയമഭേദഗതി ഓർഡിനൻസ് പുതുക്കുന്നതിനു നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. സാജു പോൾ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | മലയോരമേഖലയിലെ പതിനായിര ക്കണക്കിനാളുകളുടെ ഉപാധിരഹിത പട്ടയപ്രശ്നത്തിൽ മുൻസർക്കാർ കൊണ്ടു വന്ന ഭൂപതിവ് നിയമഭേദഗതി വരുത്തിക്കൊണ്ടുള്ള ഓർഡിനൻസും, അതേത്തുടർന്നുള്ള നടപടികളും പിന്നീട് പിന്തുടരുകയുണ്ടായോ; | (എ) മുൻ സർക്കാർ 1960-ലെ കേരള ഭൂമി പതിവ് നിയമത്തിൽ കൊണ്ടുവന്ന 21/2011 നമ്പർ ഓർഡിനൻസ് 27.06.2012-ലെ 16997/Leg.B2/2010/Law (Act 8 of 2012) പ്രകാരം ഈ സർക്കാരിന്റെ കാലത്ത് നിയമമായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ, കാരണമെന്തായിരുന്നു; പ്രസ്തുത ഓർഡിനൻസ് ലാപ്സായത് എന്നായിരുന്നു; | (ബി)&(സി)&(ഡി)<br><br>ബാധകമല്ല |
| (സി) | ഓർഡിനൻസ് പുതുക്കുകയോ നിയമമാക്കുകയോ ചെയ്യാതിരുന്നതിനാൽ പട്ടയ വിതരണ തുടർനടപടി തടസ്സപ്പെട്ടതായി അറിയാമോ; | |
| (ഡി) | ഓർഡിനൻസ് പുതുക്കുന്നതിനോ നിയമമാക്കുന്നതിനോ യഥാസമയം തുടർനടപടി സ്വീകരിക്കാൻ എന്തെങ്കിലും തടസ്സം സംസ്ഥാനത്തുണ്ടായിരുന്നുവോ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 2997

28.01.2014-ൽ മറുപടി
നൽകേണ്ടത്

## 1964-ലെ ഭൂമി പതിവ് നിയമത്തിൽ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 1964-ലെ ഭൂമി പതിവ് നിയമത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യങ്ങളോടു കൂടിയാണ് ഭേദഗതികൾ വരുത്തുന്നതെന്ന് വിശദമാക്കുമോ ; | (ബി) 1964- ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5,8 എന്നിവയിൽ യഥാക്രമം 2005- ലും 2009- ലും കൊണ്ടു വന്ന ഭേദഗതികൾ റദ്ദ് ചെയ്ത് പൂർവ്വ സ്ഥിതി പുന:സ്ഥാപിക്കുന്ന തരത്തിലുള്ള ഭേദഗതികളാണ് ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത ഭേദഗതിയിലൂടെ നാലേക്കർ ഭൂമിക്കുവരെ പട്ടയം ലഭിക്കാനർഹതയുള്ള തായി കണക്കാക്കപ്പെട്ടവർ എത്രയാണ്; ജില്ല തിരിച്ചുകണക്ക് വ്യക്തമാക്കുമോ;<br><br>(ഡി) പട്ടയമായി ലഭിച്ച ഭൂമി 25 വർഷം കഴിഞ്ഞേ വിൽക്കാവൂ എന്ന വ്യവസ്ഥ മാറ്റിയതോടുകൂടി സ്വന്തമായി വീട് വെച്ചിട്ടുള്ള എത്ര കുടുംബങ്ങൾക്ക് വീട് വില്പന നടത്താൻ സാധിക്കുമെന്ന് വിശദ മാക്കാമോ;<br><br>(ഇ) നിർദ്ദിഷ്ട ഭേദഗതിയിലൂടെ ഇല്ലാതാ വുന്ന വ്യവസ്ഥകൾ എന്തെല്ലാമാണ്; നേരത്തെ പ്രസ്തുത വ്യവസ്ഥകൾ ഏർപ്പെട്ട ത്താനിടയായ സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ? | **(സി), (ഡി) & (ഇ)**<br><br>1964- ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ നിർദ്ദിഷ്ട ഭേദഗതികൾ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞാൽ മാത്രമേ ഇക്കാര്യങ്ങൾക്ക് വ്യക്തത വരുകയുള്ളൂ. |

സെക്ഷൻ ഓഫീസർ